## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 58 | 04.02.2013 -ൽ മറുപടിക്ക്

### കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ഹംസ** | **ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി** |
| (എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രവർത്തനം പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഏതെല്ലാം സ്ഥാപനങ്ങളിലെ കേസുകളാണ് ട്രൈബ്യൂണലിന്റെ പരിധിയിൽ വരുന്നത് ; | (ബി) സർക്കാർ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കേസുകൾ മാത്രമാണ് ട്രൈബ്യൂണലിൽ ഇപ്പോൾ പരിഗണിച്ചുവരുന്നത്. |
| (സി) വിവിധ കോർപ്പറേഷനുകൾ, ബോർഡുകൾ, തദ്ദേശ സ്ഥാപനങ്ങൾ, ജല അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളുടെ കേസുകൾ സ്വീകരിക്കുന്നതിന് ട്രൈബ്യൂണലിന് കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളതെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ? | (ഡി) മൂന്ന് ജുഡീഷ്യൽ മെമ്പർമാരും മൂന്ന് അഡ്മിനിസ്ട്രേറ്റീവ് മെമ്പർമാരും ഉൾപ്പെടുന്നതാണ് ട്രൈബ്യൂണൽ. കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ പ്രകാരം ചെയർമാനും രണ്ട് അഡ്മിനിസ്ട്രേറ്റീവ് മെമ്പർമാരും ഇതിനകം അധികാരമേൽക്കുകയും ട്രൈബ്യൂണലിന്റെ ഒരു ഡിവിഷൻ ബെഞ്ച് 22.12.2011 മുതൽ സിറ്റിംഗ് |

ആരംഭിക്കുകയും ചെയ്തു. ട്രൈബ്യൂണൽ പൂർണ്ണമായി പ്രവർത്തിക്കുന്നതിനാവശ്യമായ രണ്ട് ജുഡീഷ്യൽ മെമ്പർമാരെയും ഒരു അഡ്മിനിസ്ട്രേറ്റീവ് മെമ്പറെയും, കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ പ്രകാരം നിയമിക്കുന്നതോടുകൂടി, മാത്രമേവിവിധ കോർപ്പറേഷനുകൾ, ബോർഡുകൾ, തദ്ദേശ സ്ഥാപനങ്ങൾ, ജല അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളുടെ കേസുകൾ സ്വീകരിക്കുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ.